# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## 2012 ഡിസംബർ 10, തിങ്കൾ

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനം 2012 ഡിസംബർ 10-ാം തീയതി തിങ്കളാഴ്ച രാവിലെ 8-30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

ചരമോപചാരം

മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാളിന്റെ നിര്യാണം

മി. സ്പീക്കർ: 2012 നവംബർ 30-ന് അന്തരിച്ച മുൻപ്രധാനമന്ത്രി ഐ.കെ. ഗുജ്റാൾ ഇന്ത്യൻ രാഷ്ട്രീയത്തിലെ വ്യത്യസ്തമായ വ്യക്തിത്വത്തിന് ഉടമയായിരുന്നു. ദേശീയ രംഗത്ത് മതനിരപേക്ഷതയുടെയും സാർവദേശീയ രംഗത്ത് ചേരിചേരായ്മയുടെയും മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച ദേശീയ നേതാവായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യ സമരത്തിലൂടെ പൊതുരംഗത്തേക്ക് കടന്നുവന്ന ഈ ബഹുമുഖപ്രതിഭ എല്ലാവർക്കും മാതൃകയായിരുന്നു. വിവിധ കേന്ദ്രമന്ത്രിസഭകളിൽ അംഗമായിരുന്ന ഇദ്ദേഹം സോവിയറ്റ് യൂണിയനിൽ അംബാസിഡറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്..

രാഷ്ട്രങ്ങളുടെ പരസ്പര സഹകരണവും സുരക്ഷയും ഉറപ്പുവരുത്താൻ "ഗുജ്റാൾ സിദ്ധാന്ത"ത്തിനു രൂപം നൽകിയതോടൊപ്പം ഗൾഫ് യുദ്ധകാലത്ത് ഇന്ത്യക്കാരെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിലും പ്രമുഖ പങ്ക് വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമുഖപ്രതിഭയായിരുന്ന മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാൾ പല തവണ കേന്ദ്ര മന്ത്രിയാകുകയും സോവിയറ്റ് യൂണിയനിലെ ഇന്ത്യൻ അംബസഡറായി സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് പ്രാവശ്യം വിദേശകാര്യമന്ത്രിയായിരുന്ന അദ്ദേഹം നയതന്ത്രരംഗത്ത് നൽകിയ സംഭാവനകൾ വിലമതിക്കാനാകാത്തതാണ്. 'ഗുജ്റാൾ സിദ്ധാന്ത'ത്തിലൂടെ അയൽരാജ്യങ്ങളുമായി മെച്ചപ്പെട്ട സുഹൃദ്ബന്ധം സ്ഥാപിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. കുവൈറ്റ് യുദ്ധകാലത്ത് ഇന്ത്യക്കാരായ മുഴുവൻ ആളുകളെയും സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിന് സാധിച്ചത് അദ്ദേഹത്തിന്റെ നയതന്ത്രരംഗത്തെ കഴിവിനുദാഹരണമാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പ്രധാനമന്ത്രി, കേന്ദ്രമന്ത്രി, റഷ്യയിലെ ഇന്ത്യൻ അംബാസഡർ എന്നീ രംഗങ്ങളിൽ പല കാലഘട്ടങ്ങളിലായി പ്രവർത്തിച്ചിരുന്ന ഐ.കെ. ഗുജ്റാൾ, ഒരു നയതന്ത്രവിദഗ്ദ്ധൻകൂടിയായിരുന്നു. കുവൈറ്റ്-ഇറാക്ക് യുദ്ധകാലത്ത് ഇന്ത്യക്കാരെ നാട്ടിലെത്തിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചത് അദ്ദേഹമാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ഇന്ത്യയുടെ യശസ്സ് ഉയർത്തിയ വ്യക്തിത്വത്തിന് ഉടമയായിരുന്ന ഐ. കെ. ഗുജ്റാൾ പ്രൊഫഷണലായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വിദഗ്ദ്ധനായിരുന്നു. സൗമ്യനും പണ്ഡിതനുമായിരുന്ന. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: ഐ.കെ. ഗുജ്റാളിന്റെ നിര്യാണത്തിൽ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയിലൂടെ രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നു വന്ന അദ്ദേഹം മറ്റ് പാർട്ടികളിലേയ്ക്ക് ചേക്കേറിയെങ്കിലും തന്റെ വ്യക്തിത്വവും മൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് രാജ്യത്തിന് മഹത്തായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. സോവിയറ്റ് റഷ്യയുമായി സൗഹൃദം സ്ഥാപിച്ചതിലൂടെ ഇന്ത്യയുടെ പുരോഗതിക്ക് മികച്ച സംഭാവനകൾ നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹത്തിന്റെ വേർപാടിൽ എന്റേയും എന്റെ പാർട്ടിയുടേയും ദു:ഖം അറിയിക്കുന്നു.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇന്ത്യൻ രാഷ്ട്രീയത്തിലെ സജീവ സാന്നിദ്ധ്യമായിരുന്ന ഐ.കെ. ഗുജ്റാൾ വ്യത്യസ്ത രാഷ്ട്രീയ കക്ഷികളിൽ പ്രവർത്തിച്ചിരുന്നു. വിദേശകാര്യ മന്ത്രിയായും പ്രധാനമന്ത്രിയായും കഴിവ് തെളിയിച്ച മഹദ് പ്രതിഭയായിരുന്നു അദ്ദേഹം. സർവ്വാദരണീയനായിരുന്ന അദ്ദേഹത്തിന്റെ നിര്യാണത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അനുശോചനം അറിയിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: കുവൈറ്റ് യുദ്ധകാലത്ത് അമേരിക്കൻ പ്രസിഡന്റുമായും ഇറാക്ക് പ്രസിഡന്റുമായും നേരിൽ സംസാരിച്ച് ഇന്ത്യ ക്കാരെ സുരക്ഷിതരായി നാട്ടിലെത്തിച്ച മഹദ് വ്യക്തിയായിരുന്നു അദ്ദേഹം. ദക്ഷിണേഷ്യയിൽ ശാശ്വതസമാധാനത്തിനുവേണ്ടി ഗുജ്റാൾ സിദ്ധാന്തം ഫലപ്രദമായി നടപ്പിലാക്കി. ഇന്ത്യൻ രാഷ്ട്രീയത്തിലെ മാന്യതയുടെ പ്രതീകമായിരുന്ന അദ്ദേഹത്തിന്റെ നിര്യാണത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അനുശോചനം അറിയിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാൾ അംബാസിഡർ, കേന്ദ്ര മന്ത്രി തുടങ്ങിയ നിലകളിലും പ്രവർത്തിച്ച് ഇന്ത്യൻ രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക ഭരണരംഗങ്ങളിൽ വിലപ്പെട്ട സംഭാവന കൾ നൽകിയിട്ടുണ്ട്. സാമൂഹ്യ നീതി നടപ്പിലാക്കുന്നതിൽ ഏറ്റവും മുൻപ ന്തിയിൽ നിൽക്കുകയും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തി ച്ചുകൊണ്ട് രാജ്യരക്ഷാ പ്രവർത്തനങ്ങളിൽ നയതന്ത്രജ്ഞതയോടെ മുന്നോട്ടുപോകുകയും ചെയ്ത അദ്ദേഹത്തിന്റെ പ്രവൃത്തിയും വാക്കും പുതിയ തലമുറയ്ക്ക് മാതൃകയാണ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. എ. എ. അസീസ് : രാജ്യത്തെ പന്ത്രണ്ടാമത്തെ പ്രധാനമന്ത്രിയും സംശുദ്ധ രാഷ്ട്രീയത്തിന്റെ ഉടമയുമായ ഐ.കെ.ഗുജറാളിന്റെ നിര്യാണം ഇന്ത്യൻ രാഷ്ട്രീയത്തിന് തീരാനഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. അദ്ദേഹം സ്വാതന്ത്ര്യ സമരത്തിലും ക്വിറ്റ് ഇന്ത്യാ സമരത്തിലും പങ്കെടുത്ത് അറസ്റ്റ് വരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വേർപാട് രാജ്യത്തിനും നയതന്ത്ര

മേഖലയ്ക്കും തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിലേയ്ക്ക് കടന്നു വന്ന ഐ.കെ.ഗുജ്റാൾ അധികാരത്തിൽ തുടരുന്നതിനുവേണ്ടി ധാർമ്മിക മൂല്യങ്ങളെയോ രാഷ്ട്രീയ മൂല്യങ്ങളെയോ പണയം വയ്ക്കാത്ത വ്യക്തിത്വത്തിന് ഉടമയായിരുന്നു. മതനിരപേക്ഷതയ്ക്കുവേണ്ടി പ്രവർത്തിച്ചതോടൊപ്പം അയൽ രാജ്യങ്ങളുമായി നല്ല നയതന്ത്ര ബന്ധം സ്ഥാപിക്കാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. പിതാവിൽ നിന്ന് പകർന്നുകിട്ടിയ സത്യസന്ധതയാണ് തന്റെ ജീവിതത്തിലെ പ്രചോദനമെന്ന് പറഞ്ഞിരുന്ന അദ്ദേഹത്തിന്റെ പൊതു ജീവിതം സുതാര്യമായിരുന്നു. രാഷ്ട്രീയക്കാരൻ, നയതന്ത്രജ്ഞൻ, അതിലേറെ കർമ്മധീരൻ ഈ അർത്ഥത്തിലായിരിക്കും ചരിത്രം അദ്ദേഹത്തെ വാഴ്ത്തുന്നത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: ഇന്ത്യൻ സമ്പദ്ഘടനയെ നിർണ്ണായകമായി സ്വാധീനിച്ച പരിഷ്ക്കാരണങ്ങൾക്ക് കരുത്തു നൽകാൻ ഐ.കെ.ഗുജറാളിന് കഴിഞ്ഞിരുന്നു. ജനാധിപത്യ, മതേതര മൂല്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി മരണം വരെ പോരാടിയ അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) : ചെറുപ്പകാലത്തുതന്നെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുകയും തന്റേതായ വ്യക്തിത്വം കാത്തുസൂക്ഷിക്കുകയും ചെയ്ത മഹാനായ ഒരു നേതാവായിരുന്നു ഐ.കെ.ഗുജറാൾ. അദ്ദേഹത്തിന്റെ

സംശുദ്ധമായ രാഷ്ട്രീയ പ്രവർത്തനം ആദർശ രാഷ്ട്രീയത്തിന് വഴികാട്ടിയാണ്. കുവൈറ്റ് യുദ്ധം നടക്കുന്ന സന്ദർഭത്തിൽ കുവൈറ്റിലും ഇറാക്കിലും പെട്ടുപോയ മലയാളികളടക്കമുള്ള പ്രവാസികളെ സുരക്ഷിതമായി നാട്ടിലെത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ദു:ഖം രേഖപ്പെടുത്തുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : രാഷ്ട്രീയ രംഗത്തെ വ്യത്യസ്തമായ വ്യക്തിത്വമായിരുന്നു ഐ.കെ.ഗുജറാൾ. എളിമയായ ജീവിതത്തിലൂടെ മതേതരത്വത്തിനും സോഷ്യലിസ്റ്റ് സാമൂഹ്യ ക്രമത്തിനുംവേണ്ടി പ്രതിബദ്ധതയോടെ പ്രവർത്തിച്ച അദ്ദേഹത്തിന്റെ നിര്യാണം രാജ്യത്തിന് തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

(സഭ രാവിലെ 9.04 ന് പിരിഞ്ഞു.)